**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **01-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് വിശദമാക്കാമോ; | (എ) | 1.ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം<br><br>ഈരാറ്റുപേട്ട - വാഗമൺ റോഡ് വികസനത്തിനായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട, തീക്കോയി വില്ലേജുകളിലും, ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ ഉൾപ്പെടുന്ന 1.8760 ഹെക്ടർ ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതും SIA പഠനം നടത്തുന്നതിനായി CMD തിരുവനന്തപുരത്തിനെ തിരഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ 16/06/2023 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും SIA പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 24/11/2023 ൽ ഏജൻസി സമർപ്പിച്ചിട്ടുള്ളതുമാണ്. സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2.മാർമല ചെറുകിട ജലവൈദ്യുത പദ്ധതി<br><br>മാർമല ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കായി മീനച്ചിൽ താലൂക്കിൽ തലനാട്, തീക്കോയി വില്ലേജുകളിൽപ്പെട്ട 5.9099 ഹെക്ടർ പട്ടയ ഭൂമിയും, 0.5236 ഹെക്ടർ പട്ടയ രഹിത ഭൂമിയും ഉൾപെടെ 6.43 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി SIA പഠനം നടത്തുന്നതിന് 15-11-2021 തീയതിയിലെ G.O (P) No. 175/2021/RD ഉത്തരവ് പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത പദ്ധതിയുടെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29/08/2022 ലെ G.O(P) No.228/2022/RD നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സർവെ പൂർത്തിയാക്കി BVR 19/01/2023 ൽ ഉത്തരവായിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയുടെ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 28/08/2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്.<br><br><u>3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം</u><br><br>കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഇടക്കുന്നം വില്ലേജിൽ ഉൾപ്പെട്ട 0.0973 ഹെക്ടർ സ്ഥലം മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റിലേയ്ക്കുള്ള റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചിട്ടുള്ളതും 11(1) വിജ്ഞാപനം 10.02.2022-ൽ പ്രസിദ്ധീകരിച്ചിരുന്നതും പ്രസ്തുത പദ്ധതിയുടെ BVR, DVS എന്നിവ അംഗീകരിച്ചിട്ടുള്ളതുമാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 29/04/2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | <u>1.ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനരുദ്ധാരണം</u><br><br>SIA പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. 2 മാസത്തിനുളിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും തുടർന്ന് സർവ്വെ സബ് ഡിവിഷൻ, Structural Valuation, R&R പാക്കേജിനുള്ള നടപടി എന്നിവ പൂർത്തിയാക്കി അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയാൽ പ്രഖ്യാപനം പ്രസിദ്ധീകരിച്ച് 2024 ഡിസംബറോട്ടു കൂടി സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതാണ്.<br><br><u>2. മാർമല ചെറുകിട ജലവൈദ്യുത പദ്ധതി</u><br><br>മാർമല ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട R&R അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 28/08/2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതും തുടർന്ന് അവാർഡ് എൻക്വയറി നടത്തി 2 മാസത്തിനുള്ളിൽ സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറാവുന്നതുമാണ്.<br><br><u>3. ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം</u> |

| | | | |
|---|---|---|---|
| | | | അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചിട്ടില്ലാത്തതാണ്. പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിന് 29/04/2024 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കിയാലുടൻ പ്രഖ്യാപനം പ്രസിദ്ധീകരിക്കാവുന്നതും തുടർന്ന് അവാർഡ് എൻക്വയറി നടത്തി 2 മാസത്തിനുള്ളിൽ സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ